ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:28-03-2025**

## പ്രധാനവാർത്തകൾ

1) **ചരിത്ര പുരുഷൻ റാണ സംഗയെ കുറിച്ച് സമാജ്‌വാദി പാർട്ടി എം.പി നടത്തിയ പരാമർശത്തെ ചൊല്ലി രാജ്യസഭയിൽ ബഹളം.**

2) **സംസ്ഥാനത്തെ സമ്പൂർണ മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രഖ്യാപനം മറ്റെന്നാൾ.**

3) **ജമ്മു കശ്മീരിലെ കത്വയിൽ സുരക്ഷാ സേന മൂന്ന് ഭീകരരെ വധിച്ചു; ഏറ്റുമുട്ടലിൽ മൂന്ന് സുരക്ഷാ ഉദ്യോഗസ്ഥർക്ക് വീരമൃത്യു .**

4) **സ്പേഡെക്സ് ദൗത്യത്തിന്റെ ഭാഗമായുള്ള റോളിംഗ് പരീക്ഷണം വിജയകരമായി പൂർത്തിയാക്കി ഐ.എസ്.ആർ.ഒ.**

5) **ഐ.എസ്.എൽ ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് നാളെ തുടക്കം.**

***************************************************************

RNU TVPM

## പാർലമെൻറ്

സിസോദിയ രാജവംശത്തിലെ റാണ സംഗയ്ക്കെതിരെ സമാജ്‌വാദി പാർട്ടി എം.പി രാംജി ലാൽ സുമൻ, നടത്തിയ പരാമർശത്തെത്തുടർന്ന് രാജ്യസഭയിൽ ബഹളം. സഭ സമ്മേളിച്ചപ്പോൾ ട്രഷറി ബെഞ്ച് അംഗങ്ങൾ വിഷയം ഉന്നയിക്കുകയും സുമൻ നടത്തിയ പരാമർശത്തിന് മാപ്പ് പറയണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. രാജ്യത്തിനു വേണ്ടി പോരാടിയ എല്ലാവരെയും ബഹുമാനിക്കണമെന്ന് പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ പറഞ്ഞു.

************************************************************

## കിരൺ റിജിജു

വഖഫ് ഭേദഗതി ബില്ലിനെ ചൊല്ലിയുള്ള വ്യാജപ്രചാരണങ്ങൾ അവസാനിപ്പിക്കണമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. വഖഫ് സ്വത്തുക്കളുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പാക്കുന്നതിന് ആവശ്യമായ പരിഷ്കാരങ്ങളാണ് ബില്ലിലൂടെ സർക്കാർ മുന്നോട്ട് വയ്ക്കുന്നതെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

RNUTVPM

************************************************************

## സമ്പൂർണ മാലിന്യമുക്തം

സംസ്ഥാനത്തെ സമ്പൂർണ മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രഖ്യാപനം മറ്റെന്നാൾ നടക്കും.126 ഗ്രാമപഞ്ചായത്തുകളും 13 മുൻസിപ്പാലിറ്റികളും മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായി ഇതിനകം തന്നെ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. 8,337 മാലിന്യമുക്ത വാർഡുകളുടെ പ്രഖ്യാപനവും പൂർത്തിയായി. 13 മാനദണ്ഡങ്ങളിൽ ഓരോന്നിലും

80% പുരോഗതി കൈവരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് മാലിന്യമുക്തമായി പ്രഖ്യാപിക്കുന്നത്.

*******************************************************

## ആലപ്പുഴ -ജൈവവളം (ഇൻട്രോ)

മാലിന്യ സംസ്കരണ രംഗത്ത് പുതിയ ചുവടുവെയ്പ്പുമായി ആലപ്പുഴ നഗരസഭ. നഗരത്തിലെ വിവിധ വാർഡുകളിലെ മാലിന്യം ശേഖരിച്ച് ജൈവവളമാക്കി വിപണിയിൽ എത്തിക്കുന്നതാണ് പദ്ധതി.

ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്.....
(വോയിസ്)

*******************************************************

## ഐ.എസ്.ആർ.ഒ

സ്പേഡെക്സ് ദൗത്യത്തിന്റെ ഭാഗമായുള്ള റോളിംഗ് പരീക്ഷണം വിജയകരമായി പൂർത്തിയാക്കി ഐ.എസ്.ആർ.ഒ. ചന്ദ്രയാൻ-4 പോലെയുള്ള ഭാവി ദൗത്യങ്ങൾക്ക് നിർണായകമാണ് ഈ പരീക്ഷണം. ഐഎസ്ആർഒ യ്ക്ക് വിവിധ സാഹചര്യങ്ങളിൽ ഡോക്ക് ചെയ്യേണ്ടിവരുമെന്നും, അവയിൽ ചിലത് നിലവിലെ ദൗത്യത്തിന്റെ ഭാഗമായി പരീക്ഷിക്കുമെന്നും ഐ.എസ്ആർഒ ചെയർമാൻ വി നാരായണൻ പറഞ്ഞു. ഈ മാസം 13 ന്, സ്പേഡെക്സ് ദൗത്യത്തിന്റെ ഭാഗമായി രണ്ട് ഉപഗ്രഹങ്ങളുടെ അൺഡോക്കിംഗ് ഇസ്രോ വിജയകരമായി പൂർത്തിയാക്കിയിരുന്നു.

*******************************************************

RNU TVPM

RNU TVPM

## ബി.ജെ.പി -യോഗം

ബിജെപി സംസ്ഥാന കോർ കമ്മിറ്റി യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. സംസ്ഥാന അധ്യക്ഷനായി രാജീവ് ചന്ദ്രശേഖർ ചുമതലയേറ്റശേഷം നടക്കുന്ന ആദ്യ യോഗമാണിത്. തദ്ദേശസ്വയം ഭരണ തിരഞ്ഞെടുപ്പ് ഉൾപ്പെടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യും.

*******************************************************

## ജമ്മുകശ്മീർ -കത്വ

ജമ്മു കശ്മീരിലെ കത്വയിൽ സുരക്ഷാ സേന മൂന്ന് ഭീകരരെ വധിച്ചു. ഏറ്റുമുട്ടലിൽ മൂന്ന് സുരക്ഷാ ഉദ്യോഗസ്ഥർ വീരമൃത്യു വരിച്ചു. ജുതാനയിലെ വനമേഖലയിലാണ് ഏറ്റുമുട്ടലുണ്ടായത്. ഒരു ഡി വൈ എസ് പി ഉൾപ്പെടെ നാല് സുരക്ഷാ ഉദ്യോഗസ്ഥർക്ക് പരിക്കേറ്റു. ഭീകരർക്കായ് ഇന്നലെ രാവിലെ ആരംഭിച്ച തെരച്ചിലാണ് ഏറ്റുമുട്ടലിൽ കലാശിച്ചത്.

RNU TVPM

*******************************************************

## പി.എം-മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും ഇന്ന് കൂടി സമർപ്പിക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ, Narendra Modi App, MyGov Open Forum എന്നിവയിലൂടെ അഭിപ്രായങ്ങൾ അറിയിക്കാവുന്നതാണ്. മറ്റെന്നാളാണ് പരിപാടി യുടെ 120-ാാം പതിപ്പിന്റെ ക്ഷേപണം. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. ഹിന്ദി

പ്രക്ഷേപണത്തിന് ശേഷം പ്രാദേശിക ഭാഷകളിൽ 'മൻ കീ ബാത്' കേൾക്കാം.

*******************************************************

## ദേവികുളം സാഹസിക അക്കാദമി (ഇൻട്രോ)

സംസ്ഥാന യുവജന ക്ഷേമ ബോർഡിന് കീഴിലുള്ള ദേവികുളം സാഹസിക അക്കാദമിയുടെ പുതിയ മന്ദിര നിർമ്മാണത്തിന് തുടക്കമായി. അഡ്വഞ്ചർ ടൂറിസത്തിനും സാഹസിക പ്രവർത്തനങ്ങൾക്കും സഹായകരമായ കേന്ദ്രം എന്നനിലയിലാണ് പുതിയ മന്ദിരം നിർമ്മിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ....**

(വോയിസ്)

*******************************************************

## ഗതാഗതക്കുരുക്ക്

RNU TVPM

കോഴിക്കോട് താമരശ്ശേരി ചുരത്തിൽ വൻ ഗതാഗതക്കുരുക്ക്. ചുരത്തിന്റെ ആറാം വളവിൽ ടൂറിസ്റ്റ് ബസ് തകരാറിലായതിനെ തുടർന്നാണ് വാഹനങ്ങൾ കുടുങ്ങിയത്. ഇന്ന് പുലർച്ചെ രണ്ട് മണിയോടെയായിരുന്നു യന്ത്ര തകരാറിനെ തുടർന്ന് ബസ് കുടുങ്ങിയത്.

*******************************************************

## അതിദാരിദ്ര്യമുക്ത നഗരം

തലശ്ശേരി നഗരസഭ ഇനി മുതൽ അതിദാരിദ്ര്യമുക്തം. നിയമസഭാ

സ്പീക്കർ എ.എൻ ഷംസീറാണ് പ്രഖ്യാപനം നടത്തിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ ഇടപെടലിലൂടെയാണ് ഈ ലക്ഷ്യം കൈവരിക്കാൻ സാധിച്ചതെന്ന് സ്പീക്കർ പറഞ്ഞു. നഗരസഭയിലെ 104 കുടുംബങ്ങളായിരുന്നു അതിദാരിദ്ര്യ

വിഭാഗത്തിലുണ്ടായിരുന്നത്.

*********************************************************

## നെൽകൃഷി -പത്തനംതിട്ട (ഇൻട്രോ)

അപ്പർ കുട്ടനാട്ടിലടക്കം പത്തനംതിട്ട ജില്ലയിലെ നെൽകർഷകർ നേരിടുന്നത് കടുത്ത പ്രതിസന്ധി. നെല്ലുസംഭരണം വൈകുന്നതും കൊയ്ത്തുയന്ത്രങ്ങളുടെ അഭാവവും കർഷരെ ആശങ്കയിലാഴ്ത്തുന്നു.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി എസ്.ശ്രീധർ....**

(വോയിസ്)

*********************************************************

## പ്രിയങ്ക ഗാന്ധി

വയനാട് എംപി പ്രിയങ്ക ഗാന്ധിയുടെ മണ്ഡലത്തിലെ രണ്ടാം ദിവസത്തെ സന്ദർശനം പുരോഗമിക്കുന്നു. എടവക ഗ്രാമപഞ്ചായത്തിലെ വീര ജവാൻ തലച്ചിറ ജനീഷ് സ്മൃതിമണ്ഡപം എം പി ഉദ്ഘാടനം ചെയ്തു. തവിഞ്ഞാൽ പഞ്ചായത്തിന്റെ മോഡൽ അംഗൻവാടിയുടെയും വഴിയോര വിശ്രമ കേന്ദ്രത്തിന്റെയും വനിതാ ഫുഡ് കോർട്ടിന്റെയും ശിലാസ്ഥാപനവും നടത്തി. വയനാട് കലക്ട്രേറ്റിൽ നാളെ നടക്കുന്ന ദിശ മീറ്റിംഗിൽ

RNU TVPM

പങ്കെടുത്ത ശേഷം കൈത്താങ്ങ് പദ്ധതിയിൽ നിർമ്മിക്കുന്ന 29 വീടുകളുടെ താക്കോൽദാനവും പ്രിയങ്ക ഗാന്ധി നിർവഹിക്കും.

*********************************************************

## ഐ.എസ്.എൽ

ഐ.എസ്.എൽ ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് നാളെ തുടക്കം. നാളെ ആദ്യ പ്ലേ ഓഫിൽ ബെംഗളൂരു എഫ്.സി യും മുംബൈ സിറ്റി എഫ്.സി യും ഏറ്റുമുട്ടും. അടുത്തമാസം 12 നാണ് ഫൈനൽ.

*********************************************************

## റംസാൻ -കോഴിക്കോട്

RNUTVPM

ഇന്ന് റംസാൻ മാസത്തിലെ അവസാന വെള്ളി. ഖുർആൻ പാരായണത്തിൽ മുഴുകി പാപമോചനത്തിനായി പ്രാർഥിക്കുകയുമാണ് ഇസ്ലാം മതവിശ്വാസികൾ. ദാനധർമങ്ങലിൽ സജീവമാകുന്നതിനൊപ്പം വിശ്വാസികൾ പള്ളികളിൽ കൂടുതൽ സമയം ചെലവിടും. ഇന്നലെയായിരുന്നു **ഖുർആൻ** അവതരിക്കപ്പെട്ട ദിവസമായ ലൈലത്തുൽ ഖദ്ർ.

*********************************************************

## മലക്കുട മഹോത്സവം

ദക്ഷിണേന്ത്യയിലെ ഏക ദുര്യോധനക്ഷേത്രമായ കൊല്ലം പോരുവഴി പെരുവിരുത്തി മലനടയിലെ മലക്കുട-മഹോത്സവം ഇന്ന് വൈകുന്നേരം നടക്കും. കറുപ്പ് കച്ചയുടുത്ത് മലർക്കുടയേന്തി കുന്നിറങ്ങുന്ന ഊരാളി, ജനങ്ങളെ അനുഗ്രഹിച്ച്, കുന്നുകയറി ക്ഷേത്രത്തിലേക്ക് മടങ്ങുന്നതാണ് പ്രധാന ചടങ്ങ്. നെടും-കുതിരയെടുപ്പിനും ആയിരങ്ങൾ സാക്ഷിയാകും.

************************************************************

## ബിജു ജോസഫ്-തെളിവെടുപ്പ്

ഇടുക്കി തൊടുപുഴയിൽ ബിസിനസ് പങ്കാളിയെ കൊലപ്പെടുത്തിയ കേസിൽ ഒന്നാം പ്രതി ജോമോനെ വീട്ടിൽ എത്തിച്ച് പോലീസ് തെളിവെടുത്തു. കേസിൽ നാല് പേരാണ് അറസ്റ്റിലായത്. ബിജുവിനെ തട്ടിക്കൊണ്ട് പോയ വാഹനത്തിൽ വച്ച് മർദിച്ച ശേഷം ജോമോന്റെ വീട്ടിൽ എത്തിച്ചെന്നാണ് പ്രതികളുടെ മൊഴി. ജോമോന്റെ വീട്ടുകാരുൾപ്പെടെ മറ്റാർക്കെങ്കിലും പങ്ക് ഉണ്ടോയെന്ന് അന്വേഷിക്കുമെന്നും പോലീസ് അറിയിച്ചു.

************************************************************

## കോട്ടയം പിടിസി നിയമനം

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് prasarbharati.gov.in/pbvacancies എന്ന വെബ് സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മേയ് 30. വിശദവിവരങ്ങൾക്ക് തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ 0471-2324983 എന്ന നമ്പറിൽ ബന്ധപ്പെടുക. Email id: airnewstvpm@gmail.com.

************************************************************

RNU TVPM

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ ചാഞ്ചാട്ടം. സെൻസെക്സ് 77,606 ലും നിഫ്റ്റി 23,600 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ വർധന. ഗ്രാമിന് 105 രൂപ കൂടി 8,340 രൂപയും, പവന് 840 രൂപ കൂടി

66,720 രൂപയുമാണ് ഇന്നത്തെ വില.

**********************************************************

## ഐ.പി.എൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് , റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ നേരിടും. ചെന്നൈയിലെ എം.എ ചിദംബരം സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ലഖ്നൗ സൂപ്പർ ജയന്റ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി.

RNU TVPM

**********************************************************

## ഹോക്കി

ദേശീയ വനിതാ ഹോക്കി ലീഗ് ഫൈനലിൽ ഹോക്കി അസോസിയേഷൻ-ഒഡിഷ, ഇന്ന് ഹോക്കി-ഹരിയാനയെ നേരിടും. വൈകിട്ട് ആറിന് റാഞ്ചിയിലാണ് മത്സരം.

******************************************************************************************************************

**********************************************************